നം. 3807/എ5/2017/കെ.എസ്.ബി.ബി. 20/12/2017

# മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.) 2017 – പുരസ്ക്കാര ത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

ജൈവവൈവിധ്യ നിയമം 2002, ജൈവവൈവിധ്യ ചട്ടങ്ങൾ 2004, കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ പ്രകാരം കേരള സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പഷനുകൾ എന്നിവ ഉൾപ്പെടുന്ന 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, പ്രാദേശിക ജൈവവൈവിധ്യ സംര ക്ഷണത്തിനും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കു ന്നതിനും, അതിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവു മായ പങ്കുവയ്ക്കൽ ഉറപ്പുവരുത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള നിയമപരമായി ട്ടുള്ള സംവിധാനമാണ് ബി.എം.സി. കൾ.

സംസ്ഥാനത്തെ ബി.എം.സി. കളെ നിയമാനുസൃത ചുമതലകളെപ്പറ്റി ശാക്തീക രണം നൽകി, പ്രവർത്തന സജ്ജരാക്കുന്നതിന്റെ ഭാഗമായി, 2013 മുതൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ചവ യ്ക്കുന്ന ബി.എം.സി. യ്ക്ക് പുരസ്ക്കാരം നൽകി വരുന്നു. ഒരോ വർഷത്തെയും ബി.എം.സി. കളുടെ പ്രവർത്തനത്തെ ആസ്പദമാക്കിയാണ് അതാത് വർഷത്തെ പുര സ്ക്കാരത്തിന് പരിഗണിക്കുന്നത്. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും പ്രകാര മുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള ബി.എം.സി. യുടെ പ്രവർത്തനം, 13-05-2013 ലെ സ.ഉ. (അച്ചടി) നം. 04/13/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പ്രാദേശികമായിട്ടുള്ള പാരിസ്ഥിതിക ശോഷണം തടയുന്നതിനായി, പ്രാദേശിക പരി സ്ഥിതി ‘കാവൽസംഘ’ങ്ങൾ എന്ന നിലയിലുള്ള ബി.എം.സി. യുടെ പ്രവർത്തനം എന്നിവയാണ് പുരസ്ക്കാര നിർണ്ണയത്തിനായി മുഖ്യമായും പരിഗണിക്കുന്ന വിഷയ ങ്ങൾ.

ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങിയതാണ് മികച്ച ബി.എം.സി. പുരസ്ക്കാരം. ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമ ഡൗൺലോഡ് ചെയ്ത്, ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതാണ്. പ്രൊഫോർമ യിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾക്ക് കൃത്യതയുണ്ടായിരിക്കണം. എല്ലാ കോള ങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്. പുരസ്ക്കാരത്തിനായി സമർപ്പിക്കുന്ന രേഖകൾ ബോർഡിന്റെ പരിശോധനയ്ക്കായി ഉപയോഗിക്കേണ്ടതും രേഖകളായി സൂക്ഷിക്കേണ്ടതുമായതിനാൽ തിരികെ നൽകുന്നതല്ല. സമർപ്പിക്കപ്പെടുന്ന അപേക്ഷ കളുടെ പ്രാഥമികതല പരിശോധന ബോർഡിൽ നടത്തി, യോഗ്യരായിട്ടുള്ള ബി.എം.

സി. കളിൽ ബോർഡിന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതാണ്. അവസാനഘട്ടത്തിൽ ഉൾപ്പെടുന്നവരിൽ നിന്നും ബോർഡ് തെരഞ്ഞെടുക്കുന്ന വിധികർത്താക്കളുടെ വിദഗ്ദ സംഘം പുരസ്ക്കാര ജേതാവിനെ തെരഞ്ഞെടുക്കുന്നതാണ്. മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള ഒന്നിൽ കൂടുതൽ ബി.എം.സി. കളുണ്ടാകുന്ന പക്ഷം, പുരസ്ക്കാര തുക തുല്യമായി വീതിച്ചു നൽകുന്നതാണ്. മുൻ വർഷങ്ങളിലെ മികച്ച ബി.എം.സി. പുരസ്ക്കാര ജേതാക്കൾ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതാണ്. പുരസ്ക്കാര നിർണ്ണയം സംബന്ധിച്ച് ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ ഹെഡ് ഓഫീസുമായോ, അതാത് ജില്ലകളിലെ കോർഡിനേറ്റർമാരെയോ ബന്ധപ്പെടാവുന്നതാണ്. അപേക്ഷകൾ ബോർഡിന്റെ മേൽവിലാസത്തിൽ അയക്കേണ്ടതാണ്. ഇ-മെയിലിലൂടെയുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 15-01-2018 വൈകുന്നേരം 5 മണി വരെ.**

**ബന്ധപ്പെടേണ്ട നമ്പർ: ഹെഡ് ഓഫീസ് - 0471-2553135**

**ജില്ലാ കോർഡിനേറ്റർമാരെ ബന്ധപ്പെടേണ്ട നമ്പരുകൾ:**

| ക്രമ നം. | ജില്ല | ജില്ലാ കോർഡിനേറ്റർമാരുടെ പേര്, ബന്ധപ്പെടേണ്ട നമ്പർ |
|---|---|---|
| 1 | തിരുവനന്തപുരം | പ്രിയങ്ക എസ്.<br>8547148380 |
| 2 | കൊല്ലം | പ്രൊഫ. പി. രാധാകൃഷ്ണകുറുപ്പ്<br>9446792779 |
| 3 | പത്തനംതിട്ട | പ്രൊഫ. വി. രമാദേവി<br>9447895199 |
| 4 | ആലപ്പുഴ | ഡോ. സുശീല കുരുവിള<br>9895110389 |
| 5 | കോട്ടയം | പ്രൊഫ. തോമസ് എബ്രഹാം<br>9447208737 |
| 6 | ഇടുക്കി | രവീന്ദ്രൻ എൻ.<br>9447753482 |
| 7 | എറണാകുളം | - |

| | | |
|---|---|---|
| 8 | തൃശ്ശൂർ | – |
| 9 | പാലക്കാട് | ഡോ. ഉമ ജെ. വിനോദ്<br>9349580383 |
| 10 | മലപ്പുറം | പ്രൊഫ. ആർ.വി. ഇബ്രഹിം<br>9496716385, 9349220385 |
| 11 | കോഴിക്കോട് | – |
| 12 | വയനാട് | പി.എ. അജയൻ<br>9496343843 |
| 13 | കണ്ണൂർ | വി.സി. ബാലകൃഷ്ണൻ<br>9446035149 |
| 14 | കാസർഗോഡ് | പി. കൃഷ്ണൻ<br>9495512356 |

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം:**

മെമ്പർ സെക്രട്ടറി

എൽ–14, ജയ് നഗർ

മെഡിക്കൽ കോളേജ് പി.ഒ.

തിരുവനന്തപുരം – 695 011